# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി
## കൊല്ലം

EO/1/42/Contract Vehicle-1/SOU/2022

Date: 28.02.2026

### താൽപര്യപത്രങ്ങൾ

കൊല്ലം കേന്ദ്രമായി പ്രവർത്തിക്കുന്ന, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ ഔദ്യോഗിക ആവശ്യത്തിലേക്കായി മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്ത ഒരു ഇന്നോവ കാർ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിന് , ഇന്നോവ കാറിന്റെ ഉടമകളിൽ നിന്നും മാസം 2000 കിലോമീറ്റർ നിരക്ക് കണക്കാക്കി ഡ്രൈവറും ഇന്ധനവും ഉപയോഗിച്ച് സർവീസ് നടത്തുവാൻ താൽപര്യമുള്ളവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. അതോടൊപ്പം യൂണിവേഴ്സിറ്റിയുടെ ഓഫീസ് ആവശ്യത്തിലേക്കായി കരാർ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപയിൽ താഴെ വില വരുന്നതും മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്തതുമായ സെഡാൻ കാറിന്റെ ഉടമകളിൽ നിന്നും മാസം 2000 കിലോമീറ്റർ നിരക്ക് കണക്കാക്കി ഡ്രൈവറും ഇന്ധനവും ഉപയോഗിച്ച് സർവീസ് നടത്തുവാൻ താല്പര്യമുള്ളവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്തതും, രജിസ്ട്രേഷൻ പേപ്പറുകൾ, ഇൻഷുറൻസ് എന്നിവ കൃത്യമായുള്ളതും, ക്രിമിനൽ കേസുകളിൽ പെട്ടിട്ടില്ലാത്ത ഡ്രൈവർമാർ ഉൾക്കൊള്ളുന്ന താല്പര്യപത്രങ്ങൾ 2026 മാർച്ച് 10-ാം തീയതി വൈകിട്ട് 5 മണിക്ക് മുൻപായി രജിസ്ട്രാർ, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി, കരീപ്പുഴ പി.ഓ, കൊല്ലം -691601 എന്ന വിലാസത്തിൽ രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് മുഖേന താല്പര്യപത്രങ്ങൾ നൽകേണ്ടതാണ്. രണ്ട് വാഹനങ്ങളുടെയും താല്പര്യപത്രങ്ങൾ വെവ്വേറെ നൽകേണ്ടതാണ്. താല്പര്യപത്രങ്ങൾ നേരിട്ട് സ്വീകരിക്കുന്നതല്ല.

താൽപര്യപത്രം തുറക്കുന്നത് 2026 മാർച്ച് 11- ന് പകൽ 11 മണിക്ക്.

### നിബന്ധനകൾ

1. വാഹന ഉടമകളുടെ (RC ബുക്കിലെ പേരുകാരുടെ) പേരിൽതന്നെ താല്പര്യപത്രം സമർപ്പിക്കേണ്ടതാണ്.
2. വാഹനത്തിന്റെ കരാർ കാലാവധി പരമാവധി ഒരു വർഷം ആയിരിക്കും.
3. വാഹനം മൂന്ന് വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്തതായിരിക്കണം.
4. വാഹനത്തിന്റെ രജിസ്ട്രേഷൻ ഇൻഷുറൻസ്, വാഹനപുക സാക്ഷ്യപത്രം രേഖകൾ എന്നിവയുടെ പകർപ്പു സഹിതം സമർപ്പിക്കേണ്ടതാണ്.
5. വാഹനത്തിന്റെ ഡ്രൈവർമാർ ക്രിമിനൽ കേസുകളിൽ പെട്ടിട്ടില്ലാത്തവർ ആയിരിക്കണം.
6. സർവകലാശാല ആവശ്യപ്പെടുന്ന ഏത് സമയത്തും, സ്ഥലത്തും വാഹനം യാത്രയ്ക്കായി എത്തിയിരിക്കണം
7. താൽപര്യപത്രം തരുന്ന വാഹനത്തിന്റെ ഡ്രൈവറുടെ സ്വഭാവ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്), പരിചയ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.
8. താൽപര്യപത്രം അംഗീകരിക്കുന്ന വാഹന ഉടമകൾ യൂണിവേഴ്സിറ്റി ആവശ്യപ്പെടുന്ന തീയതികളിൽ വാഹനത്തിന്റെ കാര്യക്ഷമത പരിശോധിക്കുവാൻ വാഹനം ഹാജരാക്കേണ്ടതാണ്.
9. കരാറുകാലയളവിൽ കരാറിൽ ഏർപ്പെടുന്ന വാഹനവും ഡ്രൈവറും മാറ്റം ചെയ്യുവാൻ പാടില്ലാത്തതാണ്.
10. ഏത് താൽപര്യപത്രവും ഒരു കാരണവും കാണിക്കാതെ നിരാകരിക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.
11. താൽപര്യപത്രം സമർപ്പിക്കുന്നവർ കത്തിന്റെ പുറത്ത് **'കരാർ വാഹനത്തിനുള്ള താൽപര്യപത്രം'** എന്ന് എഴുതിയിരിക്കേണ്ടതാണ്.

രജിസ്ട്രാർ